# 36

# നിങ്ങൾ മരിക്കുവാൻ ഒരുക്കമാണോ?

## (വെളിപ്പാട് 11:7-14)

ഡബ്ല്യു. ബി. വെസ്റ്റ് ഒരിക്കൽ നിരീക്ഷിച്ചതുപോലെ, ഇന്ന് സഭകളിൽ അറിയിക്കുന്നതിൽനിന്ന് വളരെ വ്യത്യാസ്തമായിട്ടായിരിക്കണം വെളിപ്പാട് പുസ്തകം എഴുതപ്പെട്ടപ്പോൾ സഭകളിലുണ്ടായിരുന്ന അറിയിപ്പുകൾ.[1] ഇന്ന് നാം അറിയിക്കുന്നത്, ഇടവകയായിട്ടുള്ള ഭക്ഷണവും, യുവാക്കളുടെ പരിപാടികളും, ഡയറക്ടറിയുടെ-പടമെടുപ്പും, ബിസിനസ് മീറ്റിങ്ങുകളുമാണ്. ക്രിസ്തുവിനെ നിഷേധിക്കാത്ത കുറ്റത്തിന് ശിമെയോൻ കൊല്ലപ്പെട്ടതും; "കൈസരെ, കർത്താവായ ദൈവമേ" എന്ന് വിളിക്കാതിരുന്നതിന് മറിയ തടവിലാക്കപ്പെട്ടതും; അപ്പനും അമ്മയും രക്തസാക്ഷികളായതിനാൽ അവരുടെ കൊച്ചുകുട്ടി ജോഷ്വായെ പാർപ്പിക്കേണ്ട ആവശ്യം എന്നിവയായിരുന്നു ഒന്നാം നൂറ്റാണ്ടിന്റെ അവസാനം സഭകളിൽ അറിയിപ്പുകളായി വന്നിരുന്നത്.

"ആലയത്തെ അളക്കൽ" എന്ന നമ്മുടെ പാഠത്തിൽ, ദൈവം തന്റെ ജനത്തെ സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതായി നാം ഊന്നി പറഞ്ഞിരുന്നു. എങ്ങനെയായാലും, അതിനർത്ഥം അവർ ഒരിക്കലും ഉപദ്രവിക്കപ്പെടുകയില്ല എന്നല്ല. മിക്കപേരും, അല്ലെങ്കിൽ എല്ലാവരും ഉപദ്രവിക്കപ്പെടും. ചിലർ മരിക്കുകപോലും ചെയ്യും. ഈ സത്യം അദ്ധ്യായം 11 ലെ രണ്ടു സാക്ഷികളുടെ സംഭവത്തിൽ വരച്ചുകാണിച്ചിട്ടുണ്ട്.

ദൈവത്തെ സാക്ഷീകരിക്കുന്നതിനെ[2] കുറിച്ച് നാം അറിഞ്ഞിരിക്കേണ്ട മൂന്നു വസ്തുതകൾ, നാം കഴിഞ്ഞ പാഠത്തിൽ ചർച്ച ചെയ്തു. അതിനോട് നാം രണ്ടുകൂടെ ചേർക്കേണ്ടതായിട്ടുണ്ട്.

### മനുഷ്യർ നിങ്ങളെ കൊന്നേക്കാം (11:7-10)

ആ രണ്ട് സാക്ഷികൾക്ക് അധികാരം കൊടുത്തതിനുശേഷം വാക്യം 7 വായിക്കുമ്പോൾ നിങ്ങൾക്ക് അതിശയം തോന്നിയേക്കാം: "അവർ തങ്ങളുടെ സാക്ഷ്യം തികെച്ചശേഷം, ആഴത്തിൽനിന്ന് കയറിവരുന്ന[3] മൃഗം അവരോട് പടവെട്ടി[4] അവരെ ജയിച്ചുകൊന്നുകളയും" (വാ. 7). (ഈ പാഠത്തിന്റെ അവസാനം കാണുന്ന "രണ്ടു സാക്ഷികൾ കൊല്ലപ്പെടുന്നു" എന്ന ചിത്രീകരണം നോക്കുക.) തന്റെ പ്രവൃത്തി ചെയ്യുവാൻ ക്രിസ്ത്യാനികളെ ദൈവം സംരക്ഷിക്കുമെങ്കിലും, അതൊരു പ്രത്യേക ഉദ്ദേശത്തിനാണ് എന്നതാണ്, സാക്ഷീകരിക്കുന്നതിന് അറിഞ്ഞിരിക്കേണ്ട നാലാമത്തെ വസ്തുത; ചില രീതിയിൽ നാം വഴങ്ങേണ്ടവരാണ്. വാക്യം 7-ൽ പറഞ്ഞിരിക്കുന്നതുപോലെ, എന്നാലും നാം മരിക്കേണ്ടി വരും.[5]

കൊല്ലുന്നത് "മൃഗമായിട്ടാണ്" വാക്യം 7-ൽ പറഞ്ഞിരിക്കുന്നത്. ആ ജന്തു - പുസ്തകത്തിലെ ശേഷിച്ച ഭാഗത്തെ മുഖ്യഘടകമായി തീരുന്നു[6] - സാധാരണ ഒരു ജന്തുവിനെ പരിചയപ്പെടുത്തുന്നതുപോലെയാണ് അത്.[7] അദ്ധ്യായം

13 ഉം 17 ഉം വരുന്നതുവരെ മൃഗം ആരാണെന്ന് നമ്മോട് പറയുകയില്ല. അത് വെളിപ്പാടുപുസ്തകത്തിൽ അസാധാരണവുമല്ല. അദ്ധ്യായം 2 ലും 3 ലും പറയുന്ന പല വിഷയങ്ങളും, പ്രാധാന്യമുള്ളതാണെങ്കിലും അവ വിശദമാക്കാതെയാണ് പരിചയപ്പെടുത്തിയിരിക്കുന്നത് – ഉദാഹരണമായി, "സ്വർഗത്തിൽ നിന്നും ഇറങ്ങിവരുന്ന പുതിയ യെരുശലേം" (3:12; 21:2 നോക്കുക). അതുപോലെ 14:8–ൽ പറയുന്ന ബാബേലിന്റെ വീഴ്ച്ച അദ്ധ്യായം 17 വരെ വിശദമാക്കുന്നില്ല (വാ. 5 നോക്കുക), അദ്ധ്യായം 18 ലാണ് ആ നാശം പൂർണ്ണമായി വിശദമാക്കുന്നത് (വാ. 2, 10, 21 നോക്കുക).

യോഹന്നാൻ അവസാനം വരെ മൃഗത്തെ വിശദമാക്കാതിരിക്കുന്നതിനാൽ ഞാൻ അതേ രീതി പിൻപറ്റുന്നു.[8] ഇപ്പോൾ, "*ആഴത്തിൽനിന്നു* കയറിവന്ന" ദൈവത്തിന്റെ ശക്തനായ ശത്രുവാണെന്ന് അറിഞ്ഞിരുന്നാൽ മതി. (*എംഫസിസ്* മൈൻ.) "ആഴത്തിൽ" എന്നത് "പിശാചിന്നും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന" "തീപൊയ്കയോ" "ഗന്ധകമോ" അല്ല സൂചിപ്പിക്കുന്നതെന്ന് നാം ആറാമത്തെ കാഹളവും വെട്ടുക്കിളികളും എന്ന പാഠത്തിൽ കാണുകയുണ്ടായി (വെളിപ്പാട് 20:10; മത്തായി 25:41). മറിച്ച്, ന്യായവിധിക്കായി കാത്തുകിടക്കുന്ന ദുരാത്മാക്കൾ അധോഭാഗത്തുനിന്ന് കുന്തമുനയോടുകൂടി ഭൂമിയിലേക്ക് വരുന്നതിനെ – ഗുഹയിൽനിന്ന് യാദൃശ്ചികമായി ഉയരുന്ന പേടിസ്വപ്നജീവികളെയാണ് ആലങ്കാരികമായി പറയുന്നത്.[9]

നിദ്രയിൽ കഴിയുന്ന ജന്തുക്കൾ പോലും വസന്തകാലം വരുമ്പോൾ, ഉണർന്നു പുറത്തുവരുന്നതുപോലെ – വചനം പ്രസംഗിച്ചപ്പോൾ – ഭയാനകമായ ആയുധങ്ങളുമായി മൃഗം പുറത്തു ചാടി. തീ പുറപ്പെടുവിക്കുവാനും, കാലാവസ്ഥ നിയന്ത്രിക്കുവാനും, അത്ഭുതങ്ങൾ ചെയ്യുവാനും കഴിവുള്ളവരെ ജയിക്കുവാൻ മൃഗത്തിന് കഴിഞ്ഞോ? ഉവ്വ്: യോഹന്നാൻ പറയുന്നത് "മൃഗം അവരെ ജയിച്ച് കൊല്ലും" എന്നാണ് (വാ. 7).

"ദൈവമേ, നീ എന്തിനാണ് അത് അനുവദിച്ചത്?" എന്ന്, നാം നിലവിളിച്ചു ചോദിച്ചേക്കാം. അതിനുള്ള ഭാഗികമായ ഉത്തരം നമ്മുടെ വേദഭാഗം നൽകുന്നു. വാക്യം 7 ന്റെ ആരംഭം വായിക്കുക: "അവർ തങ്ങളുടെ സാക്ഷ്യം[10] തികെച്ചശേഷം" മൃഗത്തിന് സാക്ഷികളെ കൊല്ലുവാൻ കഴിഞ്ഞത് അവരുടെ *പ്രവൃത്തി തീർത്തശേഷമാണ്*, അല്ലാതെ അതിനു മുൻപ് അല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ മൃഗത്തിന് പ്രവാചകന്മാരെ കൊല്ലുവാൻ കഴിഞ്ഞു, എന്നാൽ അവരുടെ സാക്ഷ്യത്തെ ഇല്ലാതാക്കുവാൻ കഴിഞ്ഞില്ല.

യോഹന്നാന്റെ സമയത്ത്, വചനം അറിയിച്ചിരുന്ന വിശ്വസതരായ ക്രിസ്ത്യാനികളെയാണ്, ആ രണ്ടു സാക്ഷികൾ പ്രതിനിധീകരിക്കുന്നതെന്ന് ഞാൻ പറഞ്ഞതുകൊണ്ട്, നമുക്ക് വാക്യം 7, ഒന്നാം നൂറ്റാണ്ടിലെ സന്ദർഭത്തിൽ നോക്കാം:[11] ക്രിസ്തീയ പ്രാസംഗികരും ഉപദേഷ്ടാക്കന്മാരും കൊല്ലപ്പെട്ടിരുന്നോ? ഉവ്വ്: അത് അവരുടെ സാക്ഷ്യത്തെ ഇല്ലാതാക്കിയോ? ഇല്ല: ദൈവത്തിന്റെ വചനം വർത്തമാനകാലത്തേക്ക് സംരക്ഷിച്ചിരുന്നു – അത് ലോകം ഉള്ളകാലത്തോളം തുടരുകയും ചെയ്യും. സുവിശേഷത്തിന്റെ വ്യാപ്തി തടയുവാൻ ദൈവത്തിന്റെ ശത്രുക്കൾക്ക് കഴിയുകയില്ല – അതിന് അവർക്ക് ഒരിക്കലും സാധ്യമല്ല. സത്യം വിജയിക്കുമെന്ന് ദൈവം കൽപിച്ചിരിക്കുകയാണ്.[12]

മൃഗം സാക്ഷികളെ കൊന്നപ്പോൾ, സത്യം വിജയിച്ചു എന്ന് *തോന്നിയില്ല*. മറിച്ച്, തിന്മയാണ് ജയിച്ചത് എന്ന് *തോന്നി*. വാക്യങ്ങൾ 8 മുതൽ 10 വരെ മൃഗം രണ്ടു സാക്ഷികളെ കൊല്ലുന്ന ചിത്രമാണ് നമുക്ക് നൽകുന്നത്:

> ... അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആത്മികമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ[13] വീഥിയിൽ അവരുടെ ശവം[14] കിടക്കും. സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും. അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല. ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ട്, ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ച് ആനന്ദിക്കുകയും അന്യോന്യം സമ്മാനം[15] കൊടുത്തയക്കുകയും ചെയ്യും. (ഈ പാഠത്തിന്റെ അവസാനം കാണുന്ന "രണ്ട് സാക്ഷികളെ പരിഹസിക്കൽ" എന്ന ചിത്രീകരണം നോക്കുക.)

അപ്പൊസ്തലന്റെ വാക്കുകൾ അവലക്ഷണരംഗമായി തീർന്നു. ഹെന്റി സ്വീറ്റ് പറഞ്ഞു, "കാണികളുടെ സന്തോഷം ... ക്രൂരവും, ബാലിശവും, താൽക്കാലികവുമാണ്."[16] ഭൂവാസികൾ അവരുടെ ശവങ്ങൾ അടക്കുവാൻ സമ്മതിച്ചില്ല.[17] പകരം, കാട്ടുനായ്ക്കൾക്ക് കടിച്ചുകീറുന്നതിനും, പക്ഷികൾക്ക് കൊത്തിവലിക്കുന്നതിനുമായി ശവങ്ങളെ വീഥിയിൽ ഇട്ടു.

ഒരു മനുഷ്യൻ മരിച്ചിട്ട് അവന്റെ ശവം അടക്കിയില്ലെങ്കിൽ മഹാവിപത്ത് വരുവാനിരിക്കുന്നു (സങ്കീർത്തനങ്ങൾ 79:1–3; യെശയ്യാവ് 5:25; യിരെമ്യാവ് 8:1, 2.) എന്റെ കൗമാരപ്രായത്തിൽ, ഞങ്ങൾ സംസ്ഥാനതല വ്യാപാരമേള കാണുവാൻ പോയപ്പോൾ, ഒരു ടെന്റിനുള്ളിൽ ലോകമഹായുദ്ധം II ന്റെ അവസാനം മാരക കുറ്റവാളികളുടെ ശവശരീരങ്ങൾ പരസ്യമായ സ്ഥലങ്ങളിൽ കാഴ്ച്ചക്ക് വെച്ച ചിത്രങ്ങളും ബിംബങ്ങളുമായിരുന്നത് കണ്ടതാണ് ഓർമ്മ വരുന്നത്.

ആ രണ്ട് സാക്ഷികളുടെ ശവങ്ങൾ മുഖ്യവീഥിയിൽ കൂട്ടിയിട്ടപ്പോൾ,[18] ലോകത്തിൽ അങ്ങിങ്ങായി വസിച്ചിരുന്നവർ പലരും വന്ന് തുറിച്ചു നോക്കുകയും ആഘോഷിക്കുകയും ചെയ്തു.[19] സത്യം വീഴുന്നു എന്നു തോന്നുമ്പോൾ തെറ്റ് സന്തോഷിക്കും. അതുകൊണ്ട് വിജയിച്ചു എന്നു തോന്നുമ്പോൾ തിന്മ മതിമറക്കും.[20]

ആ ഭീകരമായ രംഗം വിട്ടുപോകുന്നതിനു മുൻപ്, ആ സ്ഥലത്തെ കുറിച്ച് ഒരു വാക്ക് പറയേണ്ടത് ആവശ്യമാണ്: "അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആത്മികമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും" (വാ. 8). "മിസ്റ്റിക്കലി" എന്നത് ഗ്രീക്കിൽനിന്നു തർജിമ ചെയ്ത വാക്കാണ്, അക്ഷരികമായ അർത്ഥം, "ആത്മികമായി" എന്നാണ് (കെജെവി നോക്കുക). ആർഎസ്വിയിൽ "അലിഗോറിക്കലി" എന്നാണ്; എൻഐവിയിൽ "ഫിഗറേറ്റിവ്‌ലി" എന്നാണ്. നിങ്ങൾക്ക് ഏത് വാക്ക് ഇഷ്ടമായാലും ശരി വേദഭാഗം ആലങ്കാരികമായാണ് ഉപയോഗിച്ചിരിക്കുന്നത്.

"അവിടെ അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടു" എന്നു പറഞ്ഞതുകൊണ്ട് അത് അക്ഷരിക യെരുശലേമാണെന്ന് പലരും കരുതുന്നു. എങ്ങനെയായാലും, മൈക്കിൾ വിൽക്കോക്ക് യുക്തിപരമായ ഒരു ചോദ്യം ചോദിക്കുന്നു: "സോദോമും മിസ്രയിമും" ദൃഷ്ടാന്തപരമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിൽ, എന്തുകൊണ്ട് ... "അവരുടെ കർത്താവിനെ ക്രൂശിച്ച നഗരവും ദൃഷ്ടാന്തപരമായിക്കൂടാ?"[21] എബ്രായലേഖകൻ ചൂണ്ടിക്കാണിച്ചതുപോലെ, മനുഷ്യപുത്രനെ ക്രൂശിൽ തറെച്ചു പരസ്യമായ കാഴ്ച്ചയാക്കുന്നത് ഒന്നിലധികം പ്രാവ

വശ്യമാണ് (എബ്രായർ 6:6).

മഹാനഗരം എന്ന വാക്ക്, ഏഴ് പ്രാവശ്യം കൂടെ ഉപയോഗിച്ചിരിക്കുന്ന തായി ജി. ബി. കെയ്ഡ് നിരീക്ഷിക്കുകയുണ്ടായി [16:19; 17:18; 18:10, 16, 18, 19, 21], ഓരോന്നിലും റോമിനെയാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തം.[22] പ്രത്യേകിച്ച്, മറ്റ് ആറ് പ്രയോഗങ്ങളും "ബാബേലിനെ" കുറിച്ചാണ് സൂചിപ്പിക്കുന്നത് - അതു കൊണ്ട്, അദ്ധ്യായം 11 ന്റെ പ്രാഥമികമായ വ്യാഖ്യാനം അതായിരിക്കണം. നാം കാണുവാൻ പോകുന്നതുപോലെ, റോമാ നഗരത്തിന് പകരമായി ഉപയോഗിച്ചിരിക്കുന്ന വാക്കാണ് "ബാബേൽ" - രണ്ട് സാക്ഷികളുടെ വിവരണത്തോട് യോജിക്കുന്നതാണ് റോമാനഗരം (18:24 നോക്കുക).

ഭൂഗോളത്തിലെ ഒരു ചെറിയ സ്ഥലമായി അദ്ധ്യായം 11 ലെ "മഹാനഗരത്തെ" ചുരുക്കാതെ നോക്കണം. മാർട്ടിൻ ഫ്രാൻസ്മാൻ പറഞ്ഞു, "ദൈവപുത്രനെ ചവുട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനമെന്ന് നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എവിടെയുണ്ടോ അവിടെയെല്ലാം ആ സ്ഥലമാണ് ([എബ്രായർ] 10:29)."[23]

"മഹാനഗരത്തിന്റെ" *സ്വഭാവത്തെ* വ്യക്തമാക്കുന്നതാണ് വാക്യം 8-ൽ പറയുന്ന മൂന്നു സ്ഥാനങ്ങൾ: "അത് സോദോമിന്റെ ദുരാചാര പിൻതുടർച്ചയും മിസ്രയിമിലെ ഫറവോന്റെ നിഷ്ഠൂരവാഴ്ച്ചയുമാണ്."[24] കൂടുതൽ പ്രാധാന്യമുള്ള കാര്യം മൂന്നു സ്ഥലങ്ങളും നഗരത്തിന്റെ *വിധി* പ്രസ്താവിക്കുന്നതാണ്: സോദോമും, മിസ്രയിമും, യെരുശലേമും ദൈവത്തിന്റെ വിധിക്കിരയായ സ്ഥലങ്ങളായിരുന്നു - മഹാനഗരവും വിധിക്കപ്പെടുവാനിരിക്കുന്നത് നാം കാണും!

## അവസാനം ദൈവം നിങ്ങൾക്ക് പ്രതിഫലം നൽകും (11:11-13)

രണ്ട് ശവശരീരങ്ങൾക്കു ചുറ്റും നടക്കുന്ന ആഹ്ലാദോൽസവം അസ്വസ്ഥത ജനിപ്പിക്കുന്നതായിരുന്നു. സംഭവത്തിന്റെ അവസാനം നാം അറിഞ്ഞില്ലെങ്കിൽ, തിന്മയുടെ ശക്തികൾ അജയ്യമാണെന്ന് നാം തീർച്ചപ്പെടുത്തും. പിന്നെ നാം പെട്ടെന്ന് വേദഭാഗത്തിലേക്ക് ഓടിച്ചുനോക്കിയാൽ എളുപ്പത്തിൽ കാണാതെ പോകുന്ന ഒരു പ്രയോഗമുണ്ട്: "സകല വംശക്കാരും, ഗോത്രക്കാരും, ഭാഷക്കാരും, ജാതിക്കാരും അവരുടെ ശവം *മൂന്നര ദിവസം കാണും*" (11:9; എംഫസിസ് മൈൻ). "മൂന്നര ദിവസം" - "മൂന്നര ദിവസം" മാത്രം.

വീണ്ടും നാം ആലങ്കാരികസംഖ്യ $3^1/2$ കാണുന്നു, അത് പരീക്ഷണം, പ്രയാസം, പരിശോധന എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു - നാളത്തെ പ്രത്യാശയുടെ സൂചനയാണ് അത്. മുൻപ് ഉപയോഗിച്ച സംഖ്യയിൽനിന്ന് വ്യത്യസ്തമായ സംഖ്യയാണ് വാക്യം 9 ലെ സംഖ്യ: സാക്ഷികൾ സാക്ഷീകരിച്ചത് $3^1/2$ വർഷമായിരുന്നു (11:3), എന്നാൽ അവർ മൂന്നു ദിവസത്തേക്കു മാത്രമെ മരിച്ചുള്ളു. രണ്ട് സംഖ്യകളും അക്ഷരികമല്ല; അവ തമ്മിൽ ദീർഘകാലയളവും ഹ്രസ്വകാലയളവും തമ്മിലുള്ള അന്തരത്തെയാണ് കാണിക്കുന്നത്. ദുഷ്ടന്റെ ജയം *ഹ്രസ്വ - കാലത്തേക്കാണെന്നാണ്* അത് കാണിക്കുന്നത്.

നിങ്ങൾ സ്ഥിരോൽസാഹിയാണെങ്കിൽ, അവസാനം എല്ലാം ശരിയാകും എന്നതാണ് കർത്താവിനായി സാക്ഷീകരിക്കുന്നതിനെ കുറിച്ച് അറിഞ്ഞിരിക്കേണ്ട അഞ്ചാമത്തെ വസ്തുത. നാം കണ്ടത്: (1) നന്മയും തിന്മയും തമ്മിലുള്ള പോരാട്ടവും (2) സ്പഷ്ടമെന്ന് തോന്നുന്ന നന്മയുടെ പരാജയവും (3) അവസാനം നന്മയുടെ വിജയവും.

മൃതശരീരങ്ങൾക്കു ചുറ്റും ആഘോഷത്തിമിർപ്പ് നടന്നപ്പോൾ, എല്ലാം ന

ഷ്ടപ്പെട്ടു എന്നു തോന്നി. ദൈവത്തിന്റെ സന്ദേശവാഹകരെ നിശബ്ദരാക്കി; തിന്മയുടെ ക്രൂരമായ അട്ടഹാസം മാത്രം കേൾക്കാം. വിശുദ്ധരും നല്ലവരുമായ ആളുകൾ മരിക്കുമ്പോഴുണ്ടാകുന്ന ആഹ്ലാദത്തിന് ഇടക്ക് "അവരുടെ പാർട്ടി തീരുന്നതിനു മുൻപ് തടസം നേരിടും."[25]

ആ നാടകീയ രംഗം നിങ്ങളുടെ മനസിലേക്ക് കൊണ്ടുവരിക: "മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്നു ജീവശ്വാസം[26] അവരിൽ വന്നു അവർ കാൽ ഊന്നി നിന്നു" (വാ. 11).

നിരാശ അതിജീവിക്കുന്ന യിസ്രായേലിനെ പ്രതിനിധീകരിച്ച ഉണങ്ങി വരണ്ട അസ്ഥികളെ പ്രവാചകനായിരുന്ന യെഹസ്ക്കേലിനു കാണിച്ചുകൊടുക്കുകയുണ്ടായി. പ്രവാചകൻ നോക്കിക്കൊണ്ടിരുന്നപ്പോൾ അസ്ഥികൾ നൃത്തമാടുവാൻ തുടങ്ങി. അസ്ഥികൾ ഒന്നുചേർന്ന് അസ്ഥികൂടമായി. അസ്ഥികൾക്ക് മജ്ജയും മാംസവും ഞരമ്പുകളുമുണ്ടായി. അവസാനം "അവരിൽ ശ്വാസം വരികയും, അവർ നിവർന്നു നിൽക്കുകയും ചെയ്തു" (യെഹസ്ക്കേൽ 37:10). സന്ദർഭം എത്ര മോശമാണെന്നു തോന്നിയാലും, ദൈവത്തിന് ആ സാഹചര്യത്തെ നേരെ എതിരാക്കുവാൻ കഴിയും എന്നതാണ് യെഹസ്ക്കേലിന്റെ ദർശനത്തിലെ ഊന്നൽ. അതുപോലെ, യോഹന്നാന്റെ കാലത്ത് ഉപദ്രവമേറ്റ ക്രിസ്ത്യാനികൾക്ക്, "സാഹചര്യം എത്ര ഗുരുതരമായിരുന്നാലും, ഒരു പ്രത്യാശയുണ്ട്! ദൈവജനം ജയികുക തന്നെ ചെയ്യും!"

എത്ര ആയിരം പേരെ റോം കൊന്നൊടുക്കിയാലും, എത്ര ക്രിസ്ത്യാനികളെ വന്യമൃഗങ്ങൾ കൊന്നാലും, എത്രപേരെ വിറകിലിട്ട് ദഹിപ്പിച്ചാലും, ആംഫിതിയേറ്ററിനു ചുറ്റും എത്ര ക്രിസ്ത്യാനികളുടെ രക്തം ഒഴുക്കിയാലും, സത്യത്തിന്റെ പുരോഗതി തടയുവാൻ റോമൻ ഗവൺമെന്റിന് ആവുകയില്ല; സഭയെ നശിപ്പിക്കുവാൻ അതിന് കഴിഞ്ഞില്ല.

വിശാലമായ ഒരു പ്രായോഗികത വരുത്താം: ദൈവത്തിന്റെ പദ്ധതികളെയും ഉദ്ദേശങ്ങളെയും തകർക്കുവാൻ ഭൂമിയിലെ ഒരു ശക്തിക്കും കഴിയുകയില്ല. വർഷങ്ങളായി പലരും അതിന് ശ്രമിച്ചു, അവരെല്ലാവരും പരാജയപ്പെട്ടു. "സഭയുടെ ശബ്ദത്തെ നിശബ്ദമാക്കുവാൻ കഴിയുകയില്ല എന്നു ചരിത്രം പറഞ്ഞത് ഈ ദർശനം ഉറപ്പിക്കുകയാണ് ചെയ്യുന്നത്."[27] വില്യം ഗള്ളന്റ് ബ്രയന്റിന്റെ നിലനിൽക്കുന്ന വാക്കുകൾ, "സത്യത്തെ, ഭൂമിയിൽ ചവിട്ടി അരച്ചാലും, അത് വീണ്ടും എഴുന്നേൽക്കും."[28]

യെശയ്യാവ് എഴുതി, "പുല്ലുണങ്ങുന്നു, പൂ വാടുന്നു, നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു" (യെശയ്യാവ് 40:8). യേശു പറഞ്ഞു, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്തായി 24:35). വചനം എന്ന രാജ്യത്തിന്റെ "വിത്ത്" നശിപ്പിക്കുവാൻ കഴിയാത്തതുകൊണ്ട് (ലൂക്കൊസ് 8:11; മത്തായി 13:19 നോക്കുക), യേശുവിന്റെ പ്രസ്താവനയായ അവന്റെ രാജ്യം/സഭ നശിപ്പിക്കുവാൻ സാധ്യമല്ല (മത്തായി 16:18, 19). "പാതാളഗോപുരങ്ങൾ പോലും അതിനെ ജയിക്കയില്ല" (മത്തായി 16:18).

മൂന്നു-ദിവസത്തെ നിദ്രക്ക് ശേഷം ആ സാക്ഷികൾ ഉണർന്നു നിന്നപ്പോൾ ആഘോഷക്കാരിലുണ്ടായ ഭാവ വ്യത്യാസം നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുമോ? വാക്യം 11 പറയുന്നു "അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു" (വാ. 11). ഭൂ-വാസികൾ ഭയപ്പെടുവാൻ കാരണമുണ്ട്. മരണത്തിലായിരുന്നു മനുഷ്യർ ആശ്വാസം കണ്ടെത്തിയിരുന്നത്, പക്ഷെ മരിച്ചിട്ട് പി

ന്നെയും എഴുന്നേറ്റു വന്നാലോ?[29] സത്യത്തിന്റെ പിൻവലിയലിൽ ലോകം എപ്പോഴും അതിശയിക്കുകയാണ്.

പിന്നെ സാക്ഷികൾ "സ്വർഗത്തിൽനിന്ന് അവരോട് പറയുന്ന ഒരു ശബ്ദം കേട്ടു, 'ഇവിടെ കയറി വരുവിൻ,' അവർ മേഘത്തിൽ സ്വർഗത്തിലേക്ക് കയറി" (വാ. 12). (ഈ പാഠത്തിൽ കാണുന്ന "രണ്ടു സാക്ഷികൾ സ്വർഗത്തിലേക്ക് കയറി" എന്ന ചിത്രീകരണം നോക്കുക.) ദൈവത്തിനാണ് എപ്പോഴും അവസാന വാക്ക് - ആ രണ്ടു സാക്ഷികളോടുള്ള അവസാന വാക്ക്, "കയറി വരുവിൻ" എന്നായിരുന്നു! ഇത് നമ്മെ മേഘത്തിൽ സ്വർഗത്തിലേക്ക് പോയ യേശുവിനെ ആണ് ഓർപ്പിക്കുന്നത് (പ്രവൃത്തികൾ 1:9).[30]

തങ്ങളുടെ വിശ്വാസത്തിനു വേണ്ടി മരിക്കേണ്ടി വന്നാലും, അത് വൃഥാവാകയില്ലെന്നും ദൈവവേല തുടരുമെന്നുമാണ് അത് ആദ്യക്രിസ്ത്യാനികളെ ഉത്തേജിപ്പിച്ചത്. കൂടാതെ, കർത്താവ് അവരെ മറക്കുകയില്ലെന്നും ഉറപ്പിച്ചു; അവൻ അവരെ എഴുന്നേൽപിച്ച് സ്വർഗീയഭവനത്തിൽ അവനോടു ചേർക്കും!

കർത്താവ് വീണ്ടും വരുമ്പോൾ നമുക്ക് ഒരു ശാരീരികമായ പുനരുത്ഥാനമുണ്ടെന്നാണോ വാക്യം 12 പറയുന്നത്? (1 തെസലൊനിക്യർ 4:17, 18; 1 കൊരിന്ത്യർ 15:51–54.) ഒരുപക്ഷെ, അത്, പിന്നീട് പറയുന്ന "ഒന്നാം പുനരുത്ഥാന" മാകുവാനാണ് കൂടുതൽ സാധ്യത (വെളിപ്പാട് 20:5, 6): ക്രിസ്തീയ കാലത്തിൽ ക്രിസ്തുവിനോടുകൂടെ ജീവിച്ചു വാഴുക (20:4). മൂന്നു കാരണങ്ങൾകൊണ്ട് ഞാൻ രണ്ടാമത്തെ വ്യാഖ്യാനമാണ് ഇഷ്ടപ്പെടുന്നത്: (1) നമ്മുടെ പഠനത്തിൽ നാം ഇപ്പോഴും കാഹള (മുന്നറിയിപ്പ്) ഭാഗത്തുതന്നെയാണ്, അവസാന കാഹളം (ഏഴാമത്തേത്) 11:14, 15 വരെ വരുന്നില്ല. (2) തുടർന്നുള്ള വാക്യങ്ങൾ കാഹളഭാഷയിൽ (മന്നറിയിപ്പ്) തന്നെയാണ്. വാക്യം 13-ൽ നഗരത്തിന്റെ പത്തിലൊന്നു "മാത്രമാണ്" വീണത്; ഏഴായിരം പേർ "മാത്രമാണ്" കൊല്ലപ്പെട്ടത്, എന്നാൽ ("ശേഷിച്ച") മനുഷ്യർക്ക് ഒന്നും സംഭവിച്ചില്ല.[31] (3) ഇത് ആലങ്കാരികഭാഷ ഉപയോഗിച്ച ഒരു ദർശനമാണ്.

എന്നിരുന്നാലും, വാക്യം 12-ൽ പറയുന്ന ഉയർത്തെഴുന്നേൽപും ആരോഹണവും ശാരീരികഉയർത്തെഴുന്നേൽപിന് പ്രത്യാശ പകരുന്നതാണ്. വിശ്വസ്തരുടെ ആത്മാക്കൾ വേർപെട്ട് ക്രിസ്തുവിനോടു ചേരുമെന്നതിന്റെ *ഭാഗികമായ* നിറവേറലാകാമെന്ന് നമുക്ക് ഇതിനെ പറയാവുന്നതാണ് (ഫിലിപ്പിയർ 1:23). നമ്മുടെ ബലഹീനശരീരം ശക്തിയോടെ ഉയിർക്കുകയും, ദ്രവത്വമുള്ളത് അദ്രവത്വത്തെ പ്രാപിക്കയും, നമ്മുടെ താഴ്മയുള്ള ശരീരം തേജസിൽ ഉയർക്കുകയും ചെയ്യുമ്പോഴാണ് *അവസാന* നിറവേറൽ സംഭവിക്കുന്നത് (1 കൊരിന്ത്യർ 15:42–44, 52, 53).

ആ രണ്ടു സാക്ഷികൾ മേഘത്തിൽ സ്വർഗാരോഹണം ചെയ്തപ്പോൾ, "അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു. ആ നാഴികയിൽ വലിയോരു ഭൂകമ്പമുണ്ടായി. നഗരത്തിൽ പത്തിലൊന്ന് ഇടിഞ്ഞുവീണു. ഭൂകമ്പത്തിൽ ഏഴായിരം പേർ മരിച്ചുപോയി. ശേഷിച്ചവർ ഭയപരവശരായി സ്വർഗത്തിലെ ദൈവത്തിന്നു മഹത്വം കൊടുത്തു"[32] (വാ. 12, 13). അനുതപിക്കാതിരുന്നവരിൽ ദൈവം അപ്പോഴും പ്രവർത്തിച്ചുകൊണ്ടിരുന്നു, അതിനാൽ നമുക്ക് കാഹളം പോലെയുള്ള മുന്നറിയിപ്പു ലഭിക്കുന്നു: മഹാനഗരത്തിന്റെ പത്തിലൊന്നു വീഴുകയും, ഏഴായിരം പേർ മരിക്കുകയും ചെയ്തു.

വെളിപ്പാടിൽ ഇവിടെ മാത്രമാണ് "പത്തിലൊന്ന്" ഉപയോഗിച്ചിരിക്കുന്നത്. മൗൺസ് പറഞ്ഞത് "നഗരത്തിന്റെ പത്തിലൊന്ന് എന്നു പറയുന്നത് നല്ലൊരു

ഭാഗമാണ്, പക്ഷെ അത് [നഗരത്തെ] കഴിവില്ലാതാക്കുന്നതായിരുന്നില്ല"[33] ജിം മെക്ഗ്വിഗിൻ പറഞ്ഞു, "പത്തിലൊന്ന് എന്നു പറയുന്നത് ... ഒരു ഭാഗം കൊടുത്തു, ശേഷിച്ചത് കൊടുത്തുതീർക്കുവാനിരിക്കുന്നു, എന്നു തോന്നുന്നു".[34] ഇവിടെ മാത്രമാണ് "ഏഴായിരം" എന്ന അലങ്കാര സംഖ്യ ഉപയോഗിച്ചിരിക്കുന്നത്. "ഏഴും" "ആയിരവും" രണ്ടും പൂർണ്ണതയെ കാണിക്കുന്ന സംഖ്യകളാണ്.[35] മനുഷ്യരോടുള്ള ദൈവത്തിന്റെ മുന്നറിയിപ്പ് പൂർണ്ണമായി എന്നു കാണിക്കുകയാകാം. ഇതിനുശേഷമാണ് ഏഴാമത്തെ കാഹളം ഊതുന്നത് (11:14, 15). പിന്നീട് മാനസാന്തരപ്പെടുവാൻ സമയം ലഭിക്കുകയില്ല.[36]

കാഹളപരമ്പരകളിലെല്ലാമെന്നപോലെ, ദൈവം പ്രാഥമികമായും താല്പര്യപ്പെടുന്നത് ജീവിച്ചിരിക്കുന്നവരിലാണ്. ഇവരിൽ ദൈവത്തിന്റെ ന്യായവിധി എന്തു പ്രതികരണമാണ് ഉളവാക്കിയത്? നാം വായിക്കുന്നു, "ശേഷിച്ചവർ[37] ഭയപരവശരായി സ്വർഗത്തിലെ ദൈവത്തിന് മഹത്വം കൊടുത്തു" (വാ. 13).

"സ്വർഗത്തിലെ ദൈവത്തിന് മഹത്വം കൊടുത്തു" - എന്നതിന്റെ അർത്ഥം എന്താണ്? അദ്ധ്യായം 9-ൽ, "നരകത്തിൽനിന്നുള്ള സൈന്യം" "മനുഷ്യരിൽ മൂന്നിലൊന്നുപേരെ" കൊന്നപ്പോൾ, മരിക്കാതിരുന്നവർ "മാനസാന്തരപ്പെട്ട*ില്ല*" (9:18, 20; എംഫസിസ് മൈൻ). അദ്ധ്യായം 11 ലെ ഭൂകമ്പം ആളുകളിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയോ? മരിക്കാതിരുന്നവർ മാനസാന്തരപ്പെട്ടോ? അവർ കർത്താവിങ്കലേക്ക് പരിവർത്തനം ചെയ്യപ്പെട്ടോ?

9:20, 21 ഉം അതേപോലെയുള്ള മറ്റു വേദഭാഗങ്ങളുമനുസരിച്ച്, ജീവനോടെ ശേഷിച്ചവർ ഭയപരവശരായി ദൈവത്തിന് മഹത്വം കൊടുത്തുവെങ്കിലും, അവർ വാസ്തവത്തിൽ മാനസാന്തരപ്പെട്ടതിന്റെ സൂചനയൊന്നും നമുക്ക് ഇല്ല. ഉദാഹരണത്തിന്, 13:3 വ്യക്തമാക്കുന്നത് "*സർവ്വഭൂമിയും* മൃഗത്തെ കണ്ടു വിസ്മയിച്ചു അനുഗമിച്ചു" എന്നാണ്. (എംഫസിസ് മൈൻ.) അതിനാൽ 11:13-ൽ വലിയ പുരുഷാരം പരിവർത്തനം ചെയ്യപ്പെട്ടു എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്.[38] "ദൈവത്തിന് മഹത്വം കൊടുത്തു" എന്ന പ്രയോഗമാണെങ്കിൽ, നെബൂഖെദ്നേസർ രാജാവ് പലപ്പോഴും യഹോവക്ക് മഹത്വം കൊടുത്തിരുന്നു (ദാനിയേൽ 2:47; 3:28; 4:1-37), എന്നാൽ അവയൊന്നും നെബൂഖെദ്നേസരിനെ സത്യവിശ്വാസത്തിലേക്ക് തിരിച്ചിരുന്നില്ല. അതുകൊണ്ട് ഞാൻ ജിം മെക്ഗ്വിഗിൻ പറഞ്ഞതിനോട് യോജിക്കുന്നു, "അവർ ഭയപ്പെടുക മാത്രമായിരുന്നു - പരിവർത്തനം ചെയ്യപ്പെട്ടിരുന്നില്ല."[39]

നേരെ മറിച്ച്, വെളിപ്പാടിലെ മറ്റു ഭാഗങ്ങളും ബൈബിളിലെ മറ്റു വേദഭാഗങ്ങളും ചൂണ്ടിക്കാണിച്ച് വാക്യം 13-ൽ മാനസാന്തരം നടന്നു എന്നാണ് *പറയുന്നത്*.[40] ഒരുപക്ഷെ *ഭൂരിഭാഗം* പേരും ദൈവത്തിന്റെ മുന്നറിയിപ്പുകളെ ക്രിയാത്മകമായി എടുത്ത് മാനസാന്തരപ്പെട്ടില്ലെങ്കിലും, *ചിലർ* മാനസാന്തരപ്പെട്ടിരിക്കുവാൻ സാധ്യതയുണ്ട്. വാക്യം 13 അതായിരിക്കാം സൂചിപ്പിക്കുന്നത്, അല്ലെങ്കിൽ അല്ലായിരിക്കാം, നമ്മുടെ അനുഭവത്തിൽനിന്ന് അത് വാസ്തവമാണെന്ന് നമുക്ക് അറിയാം. അഭക്തരിൽ ചിലരെങ്കിലും സ്പർശിക്കത്തക്കതായി ഉള്ളതുകൊണ്ട്, നമുക്ക് ദൈവത്തെ സ്തുതിക്കാം.

## ഉപസംഹാരം

രണ്ട് സാക്ഷികളുടെ സംഭവത്തിൽനിന്ന്, സാക്ഷീകരിക്കുന്നതിനെ കുറിച്ച് അഞ്ചു വസ്തുതകൾ നാം എടുക്കുകയുണ്ടായി: (1) ദൈവം നിങ്ങളെ അഭിനന്ദിക്കും; (2) മനുഷ്യർ നിങ്ങളെ പകെച്ചേക്കാം; (3) ദൈവം നിങ്ങളെ സംര

ക്ഷിക്കും; (4) മനുഷ്യർ നിങ്ങളെ കൊന്നേക്കാം; (5) അവസാനം വരെ – നിങ്ങൾ വിശ്വസ്തരായിരുന്നാൽ, ദൈവം നിങ്ങൾക്ക് പ്രതിഫലം തരും.

ഒരു നിമിഷം, വാക്യങ്ങൾ 3 മുതൽ 13 വരെ ഒന്നുകൂടെ വായിക്കുക. മൊത്തത്തിൽ എന്തു പ്രതീതിയാണ് നിങ്ങൾക്ക് ലഭിക്കുന്നത്? വിജയപ്രതീതിയല്ലേ? "*നാം ജയിക്കും*![41] ചിലപ്പോൾ നമുക്ക് നഷ്ടമാണെന്ന് തോന്നിയേക്കാം, എന്നാൽ അവസാനം *നാം ജയിക്കും*!" ആ വാക്കുകൾ നിങ്ങൾക്ക് ആവർത്തിച്ച് വായിക്കാം. നിങ്ങൾക്ക് അത് ഉറക്കെ പറയാം. അത് ഒരു പേപ്പറിൽ എഴുതി പല പ്രാവശ്യം വായിക്കത്തക്കവണ്ണം എവിടെയെങ്കിലും വെക്കാം. അല്ലെങ്കിൽ ആ പേപ്പർ നിങ്ങൾക്ക് കൊണ്ടു നടക്കാം. അത് നിങ്ങൾക്കും എനിക്കുമുള്ള ദൈവത്തിന്റെ ശക്തമായ സന്ദേശമാണ്: *നാം ജയിക്കും*!

ആറും ഏഴും കാഹളങ്ങളുടെ ഇടവേളയിൽ സാക്ഷികളുടെ സംഭവം പൂർണ്ണമാകുകയാണ്. അതിനാൽ വാക്യം 14 പറയുന്നു, "രണ്ടാമത്തെ കഷ്ടം കഴിഞ്ഞു, ഇതാ, മൂന്നാമത്തെ കഷ്ടം വേഗം വരുന്നു." ഏഴാമത്തെ കാഹളത്തെ കുറിച്ചുള്ള വേദഭാഗത്തെ കുറിച്ച് പഠിക്കുവാൻ നാം ഒരുങ്ങിയിരിക്കുന്നു.

നാം അവസാനിപ്പിക്കുമ്പോൾ, ഞാൻ ചോദിക്കണം, "എഴാമത്തെ കാഹളം ഊതേണ്ടതിനു നിങ്ങൾ ഒരുങ്ങിയോ?" മാനസാന്തരപ്പെടാതെ തന്നെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സാദ്ധ്യതയുണ്ടന്ന് നിങ്ങൾ സമ്മതിക്കുന്നുവോ? നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, അരമനസ്സോടെ കർത്താവിനെ സേവിച്ചിരിക്കുവാൻ സാദ്ധ്യതയുണ്ടോ? എങ്കിൽ, ഇന്നു തന്നെ, യേശുവിനു വേണ്ടി മരിക്കുവാൻ നിങ്ങളെ വിളിച്ചാൽ, നിങ്ങൾ ഒരുക്കമാണോ? ഓർമ്മിക്കുക, ദൈവം വിശ്വസ്തർക്കു മാത്രമാണ് പ്രതിഫലം നൽകുന്നതു. വിശ്വസ്തർക്കു മാത്രമേ "ഞങ്ങൾ ജയിക്കും!" എന്നു പറയുവാൻ കഴിയു. നിങ്ങൾക്കു ഒരു ആത്മിയജീവിതം ആവശ്യമുണ്ടെങ്കിൽ, ദയവുചെയ്ത് അതു ഇന്നു തന്നെ ശരിയാക്കുക![42]

---

### പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

നിങ്ങൾ വാക്യം 8 ചർച്ചചെയ്യുമ്പോൾ നിങ്ങൾക്കു വേണമെങ്കിൽ "മഹാനഗരത്തിന്റെ" ചാർട്ടു വരക്കാം. നിങ്ങൾക്കുവരക്കാവുന്ന ഒരു ചാർട്ട് ഇതാ:

| "മഹാനഗരം" | | |
|---|---|---|
| സ്ഥാനം | സ്വഭാവം | വിധി |
| സോദോം | ദുരാചാരം | ദൈവം വിധിച്ചു! |
| മിസ്രയീം | നിഷ്ഠൂര വാഴ്ച്ച | ദൈവം വിധിച്ചു |
| യെരുശലേം | അനുസരണക്കേട് | ദൈവം വിധിച്ചു! |

വെളിപ്പാട് 11:3–14 നെക്കുറിച്ച് പ്രസംഗിക്കുന്നതിനും ഉപദേശിക്കുന്നതിനെക്കുറിച്ചുമുള്ള സാദ്ധ്യതകൾ: "ദൈവത്തിനു എപ്പോഴും അവസാന വാക്കുണ്ട്" ("അവസാന വാക്ക്" "കയറിവരിക ..."); "ഇരുട്ടും തേജസും." ഈ ഭാഗത്തെ ചാൾസ് റയറി വിളിച്ചതു "രണ്ട് സാക്ഷികൾ" എന്നാണ്, അതിനെ ഇങ്ങനെ തരംതിരിച്ചിരിക്കുന്നു: (1) അവരുടെ സമയം (വാ. 3); (2) അവരുടെ ഗുണങ്ങൾ

(വാ. 4-6); (3) അവരുടെ തരം താഴ്ത്തൽ (വാ. 7-10); (4) അവരുടെ മാറ്റം (വാ. 11-14). [43] അദ്ധ്യായം 11 മുഴുവൻ കേന്ദ്രീകരിച്ച് ആൽബർട്ട് ബാൽഡിഞ്ചർ "വിജയ ശബ്ദങ്ങൾ" എന്ന ഒരു പാഠം തയ്യാറാക്കി. അദ്ദേഹത്തിന്റെ ബാഹ്യ രൂപരേഖ ഇതാ: (1) വീണ്ടും ഉറപ്പിക്കുന്ന ഒരു ശബ്ദം (വാ. 1, 2); (2) ഇളകാത്തൊരു ശബ്ദം (വാ. 3-10); (3) ഒരു വിജയശബ്ദം (വാ. 11-14).[44]

---

കുറിപ്പുകൾ

[1]എഡി ക്ലോയർ, അൺ പബ്ലിഷ്ഡ് ലച്ചർ നോട്ട്സ് ഓൺ റെവലേഷൻ, എൻ. ടി. [2]മൂന്നു വസ്തുതകൾ നിങ്ങൾക്കു വേണമെങ്കിൽ അവലോഖനം നടത്താം. [3]ഗ്രീക്കിൽ "കയറിവരിക" വർത്തമാന കാലമാണ്, അത് സൂചിപ്പിക്കുന്നത് തുടർ പ്രവർത്തിയെയാണ്. നല്ലതും സത്യവുമായവയെ തിന്മയുടെ ശക്തി എപ്പോഴും എതിർത്തുകൊണ്ടിരിക്കും (17:8 നോക്കുക). [4]ഈ യുദ്ധത്തെക്കുറിച്ച് അദ്ധ്യായം 12 ലെ പാഠങ്ങളിൽ നാം കൂടുതലായി പഠിക്കും; എന്നാൽ ഇപ്പോൾ, ഞാൻ ഇത്രയും ഊന്നിപ്പറയട്ടെ (1) അത് ഒരു ആത്മിക യുദ്ധമാണ്, ഭൗതീകമല്ല, (2) അത് ഒരു തുടരുന്ന യുദ്ധമാണ്, ഒരു സമയത്തു മാത്രം ഉള്ളതല്ല (എഫേസ്യർ 6:12 നോക്കുക). [5]ലൂക്കൊസ് 10:19 ലെ യേശുവിന്റെ വാഗ്ദാനം നോക്കുക. അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "ഒന്നും നിങ്ങളെ മുറിവേല്പിക്കയില്ല." പിന്നീട്, അവരിൽ ചിലർ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായി - പക്ഷെ അവരുടെ *ആത്മാക്കൾ* "മുറിവേറ്റിരുന്നില്ല." [6]"മൃഗം," എന്നതിനെക്കുറിച്ചുള്ള മുപ്പത്തി-ആറ് വാക്യങ്ങളിൽ ആദ്യത്തേതാണ് ഇത്. [7]"മൃഗം," എന്ന വാക്കിനു മുമ്പ് ("ദ") എന്ന ഡഫനിറ്റ് ആർട്ടിക്കിൾ ഉള്ളതുകൊണ്ട്, പലരും കരുതുന്നത് യോഹന്നാന്റെ വായനക്കാർക്ക് മൃഗത്തെ പരിചയമുണ്ടായിരുന്നു എന്നാണ്, എന്നാൽ അത് ആവശ്യമായിരുന്നില്ല. ഗ്രീക്കിൽ വാക്യം 3 പറയുന്നത് "എന്റെ രണ്ട് സാക്ഷികൾ" എന്നാണ്, എന്നാൽ സാക്ഷികളുടെ അലങ്കാരം വായനക്കാർക്ക് പരിചയമില്ലായിരുന്നു രണ്ട് സാക്ഷികളുടെ ഭാവന അദ്ധ്യായം 11നു മുമ്പോ ശേഷമോ കാണുന്നില്ല. [8]ആ മൃഗം ആഴത്തിൽ നിന്നു കയറിവന്ന മൃഗം തന്നെയാണെന്നു കരുതപ്പെടുന്നു (9:11), എന്നാൽ അത് അങ്ങനെ ആവണമെന്നില്ല. (ഈ പുസ്തകത്തിൽ ആദ്യം വന്ന "പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം" എന്ന പാഠത്തിലെ 9:11 ന്റെ കുറിപ്പുകൾ നോക്കുക.) പല എഴുത്തുകാരും മൃഗത്തെ "എതിർ ക്രിസ്തു" ആയിട്ടാണ് കാണുന്നത്. ഈ പുസ്തകത്തിൽ ആദ്യം വന്ന "എതിർ ക്രിസ്തുവും വെളിപ്പാടും" എന്ന പാഠം നോക്കുക. [9]ഈ പുസ്തകത്തിൽ ആദ്യം വന്ന "പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം," എന്ന പാഠം നോക്കുക. [10]"തികെച്ചു" എന്നതിനു ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് സൂചിപ്പിക്കുന്നത് "സാക്ഷ്യം അവസാനിച്ചു" അല്ലെങ്കിൽ അതിന്റെ "ലക്ഷ്യം" പൂർത്തിയാക്കി എന്നാണ്. (ലിയോൺ മോറിസ്, *റെവെലേഷൻ*, റെവ. എഡി., ദ ടിൻഡെയിൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ്[ ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയു. എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987], 145).

[11]യാഥാർത്ഥ്യവും അലങ്കാരവും തമ്മിലുള്ള വ്യത്യാസം ചുരുക്കമായി വിവരിക്കുന്നത് നന്നായിരിക്കും. മൃഗം അവരെ ആക്രമിക്കുന്നതിനുമുൻപ് സാക്ഷികൾ തങ്ങളുടെ പ്രസംഗം *പൂർത്തിയാക്കിയിരുന്നു*. വാസ്തവത്തിൽ, വചനം പ്രസംഗിക്കുന്നവരെയും ഉപദേശിക്കുന്നവരെയും ഉപദേശിക്കുമ്പോൾ *പോലും*, തിന്മയുടെ ശക്തികൾ അവരെ ആക്രമിച്ചുകൊണ്ടിരിക്കും (6:9-11 വരെ ക്രിസ്ത്യാനികളെ നിരന്തരമായി കൊന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധിക്കുക). വൈപരീത്യമൊന്നുമില്ല; ഒന്നു അലങ്കാരവും മറ്റൊന്ന് യാഥാർത്ഥ്യവുമാണ് - അവസാനഫലം ഒന്നുത

ന്നെയാണ്. [12]യെശയ്യാവ് 55:11 നോക്കുക. [13]വാക്യം 8 ലും 9 ലും "ശവശരീരം" എന്നതു മൂന്നു പ്രാവശ്യം വരുന്നുണ്ട്. മൂലഭാഷയിൽ ആദ്യത്തെ രണ്ട് വാക്കുകളും ഏകവചനത്തിലാണ് (അക്ഷരികമായി "ശവശരീരം" എന്നാണ്), എന്നാൽ മൂന്നാമത്തേത് ബഹുവചനത്തിലാണ് (അക്ഷരികമായി, "ശവശരീരങ്ങൾ" എന്നാണ്). സ്പഷ്ടമായും സാക്ഷികളുടെ പ്രവൃത്തികളിലുള്ള വിധിയും ഏകത്വവുമാണ് അത് സൂചിപ്പിക്കുന്നത്. ആളുകൾ ഒരേ വിധത്തിൽ ബാധിക്കപ്പെടുമ്പോൾ, നാം "അവരുടെ ഹൃദയം" എന്നു പറയുന്നതുപോലെയാണ് (ഏകവചനം). [14]"ഗ്രെയിറ്റ്" എന്ന വാക്ക് പല പ്രാവശ്യം അദ്ധ്യായം 11-ൽ വരുന്നത് നോക്കുക. അദ്ധ്യായത്തിലെ മുഖ്യ വാക്കാണ് "ഗ്രെയിറ്റ്." [15]ആ "സമ്മാനങ്ങൾ" അവരുടെ ആഘോഷ ഭക്ഷണത്തിന്റെ ഓഹരിയാണെന്ന് ചിലർ കരുതുന്നു (എസ്ഥേർ 9:19 നോക്കുക). [16]ഹെന്റി ബി. സ്വീറ്റ്, *ദ അപോകാലിസ് ഓഫ് സെന്റ് ജോൺ* (കെയിംബ്രിഡ്ജ്: മാക്മില്ലൻ കമ്പനി., 1908: റീ പ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 138. [17]ശവങ്ങൾ അടക്കം ചെയ്യുവാൻ ആരെങ്കിലും തയ്യാറായതായി നമ്മോട് പറഞ്ഞിട്ടില്ല, കാരണം അതൊന്നും രംഗത്തിന് മാറ്റം വരുത്തുന്നില്ല. ഒരുപക്ഷെ സ്നേഹിതന്മാരോ അല്ലെങ്കിൽ സഹതാപം തോന്നിയ അ-ക്രൈസ്തവരോ അതിനു തയ്യാറായി വന്നിരിക്കാം. (പ്രവൃത്തികൾ 19:31-ൽ ചില അ-ക്രൈസ്തവസ്നേഹിതന്മാർ പൗലൊസിനെ സംരക്ഷിക്കുകയുണ്ടായി.) [18]"വീഥി" എന്നതിന് 11:8-ൽ ഗ്രീക്ക് തർജിമ ചെയ്തതിന്റെ അക്ഷരിക അർത്ഥം, "വീതിയുള്ള" അല്ലെങ്കിൽ "വിശാലമായ" എന്നാണ്. (മത്തായി 7:13-ൽ അത് "വീതിയുള്ള" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്.) അക്ഷരിക തർജിമ "ബ്രോഡ് [വേ]" എന്നാണ്. അത് പട്ടണത്തിന്റെ മുഖ്യറോഡ് എന്നാണ് സൂചന. [19]"എല്ലാ സ്ഥലത്തുമുള്ള എല്ലാവരേയും" ഉൾപ്പെടുത്തിയാണ് "സകല വംശക്കാരും, ഗോത്രക്കാരും, ഭാഷക്കാരും, ജാതിക്കാരും" എന്നു പറഞ്ഞിരിക്കുന്നത് (11:9). ഈ വേദഭാഗത്ത് വാക്കുകൾ മാറി, "ഭൂമിയിൽ വസിക്കുന്നവർ" എന്നു പറഞ്ഞിരിക്കുന്നു (11:10). (ഭൂ-വാസികൾ അവിശ്വാസികളും, അ-ക്രൈസ്തവരുമായിരുന്നു.) [20]നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള ചില ചിത്രീകരണങ്ങൾ നിങ്ങൾക്ക് ഉപയോഗിക്കാം. ബർട്ടൻ കോഫ് മാൻ ചരിത്രത്തിൽനിന്നു പലതും നൽകിയിരിക്കുന്നു (*കമെന്ററി ഓൺ റെവലേഷൻ* [ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979], 251–52.).

[21]മൈക്കിൾ വിൽക്കോക്ക്, ഐ സാ ഹെവെൻ ഓപ്പെന്റ്: ദ മെസേജ് ഓഫ് റെവലേഷൻ, ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 106. [22]ജി. ബി. കെയിഡ്, *എ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് സെന്റ് . ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 138. (എംഫസിസ് ഹിസ്.) കൂടാതെ റോബർട്ട് മൗൺസും നോക്കുക *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 226. [23]മാർട്ടിൻഎച്ച്. ഫ്രാൻസ്മാൻ, *ദ റെവലേഷൻ ടു ജോൺ* (സെന്റ് ലൂയിസ്, മോ: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1976), 80–81. [24]കെയിഡ്, 138. (എംഫസിസ് ഹിസ്.) [25]യൂജിൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* (സാൻഫ്രാൻസിസ്കോ: ഹാർപ്പർ കോളിൻസ് പബ്ലിഷേഴ്സ്, 1988), 115. ജുഡ്സോനിയ ചർച്ചുമായുള്ള ബന്ധത്തിൽ എന്റെ ക്ലാസിൽ, ജോവേൽ ഡേവിസ് പറഞ്ഞു, "അവരുടെ പരേഡിൽ മഴ പെയ്തു." [26]ഉൽപത്തി 2:7; 6:17; 7:15, 22 നോക്കുക. [27]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവലേഷൻ: ടൈമിലി മെസേജ് ഫോർ ട്രബിൾഡ് ഹാർട്സ്*


(ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1960), 55. [28]വില്യം കുളൻ ബ്രയന്റ്, "ദ ബാറ്റിൽഫീൽഡ്," 1839, ക്വോട്ടഡ് ഇൻ ജോൺ ബാർട്ട്ലെറ്റ്, *ബാർട്ട്ലെറ്റ്സ് ഫെമിലിയർ ക്വട്ടേഷൻസ്*, 16ന്ത് എഡി., ജെന. എഡി. ജസ്റ്റിൻ കാപ്ലിൻ (ബോസ്റ്റൺ: ലിറ്റിൽ, ബ്രൗൺ ആന്റ് കമ്പനി., 1992), 411. [29]മൗൺസ്, 228. [30]"സാക്ഷികൾ" സ്വർഗത്തിലേക്ക് കയറിയത് നമ്മെ ഏലിയാവ് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടതാണ് ഓർപ്പിക്കുന്നത് (2 രാജാക്കന്മാർ 2:11).

[31]വാക്യം 12 ശാരീരിക ഉയർത്തെഴുന്നേൽപിനെ കുറിച്ചാണ് പറയുന്നതെന്ന് വിശ്വസിക്കുന്ന വ്യാഖ്യാതാക്കൾ വാക്യം 13 ക്രിസ്തുവിന്റെ വരവിൽ എല്ലാം നശിപ്പിക്കപ്പെടും എന്നതിനെയാണ് പറയുന്നതെന്ന് വ്യാഖ്യാനിക്കുന്നു - എന്നാൽ അവിടത്തെ ഭാഷ അതല്ല സൂചിപ്പിക്കുന്നത്. അതുതന്നെ വിശ്വസിക്കുന്ന വേറെ ചിലർ പറയുന്നത് കാലനിർണ്ണയപ്രകാരം വാക്യം 13 വാക്യം 12 നു മുൻപ് വരണമെന്നാണ്. അതിന് സാധ്യതയുണ്ട്, പക്ഷെ സ്വാഭാവികമായി അങ്ങനെയല്ല വേദഭാഗം വായിക്കുന്നത്. [32]അദ്ധ്യായം 6-ൽ നാം ഒരു ഭൂകമ്പം കാണുകയുണ്ടായി. എന്നാൽ അവിടെ പറഞ്ഞ ഭൂകമ്പം ലോകാവസാനം, ഭൂമിയെ മുഴുവൻ നശിപ്പിക്കുമ്പോൾ, സംഭവിക്കുവാനുള്ളതാണെന്ന് നാം കാണുകയുണ്ടായി. അദ്ധ്യായം 11 ലേത് ഭാഗികനാശമേ വരുത്തുന്നുള്ളു. ഒരു ഭൂകമ്പത്തിന്റെ ആലങ്കാരിക പ്രാധാന്യം കാണുവാൻ, *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "മഹാ ദിവസം ... വരുന്നു" എന്ന പാഠവും *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഇവിടെ, ഇതാ സർപ്പം!" എന്ന പാഠത്തിലെ വിഭജനവും നോക്കുക. [33]മൗൺസ്, 229. [34]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ് (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 163. "മഹാനഗരത്തിന്" (ബാബേൽ) "ശേഷിച്ചത് കൊടുക്കുന്നതിനെ കുറിച്ച്" അദ്ധ്യായം 18 നോക്കുക. [35]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഇവിടെ ഇതാ, സർപ്പം!" എന്ന പാഠത്തിലെ "ഏഴും" "ആയിരവും" എന്ന സംഖ്യകളുടെ ആലങ്കാരിക പ്രാധാന്യം നോക്കുക. [36]"ഏഴായിരം" എന്നതിന് പ്രത്യേക ആലങ്കാരിക പ്രാധാന്യമില്ലെന്ന് ചിലർ വിശ്വസിക്കുന്നു, അത് ഒരു വലിയ നഗരത്തിന്റെ പത്തിലൊന്നിനെ കാണിക്കുക മാത്രമാണെന്നാണ് അവരുടെ പക്ഷം. മറ്റുള്ളവർ ചൂണ്ടിക്കാണിക്കുന്നത്, ഏലിയാവിന്റെ കാലത്ത് ബാലിന്ന് മുട്ടുകുത്താത്ത ഏഴായിരം പേരെ ശേഷിപ്പിച്ചിരുന്നതാണ് (1 രാജാക്കന്മാർ 19:18), അവർ വിചാരിക്കുന്നത്, വെളിപ്പാട് 11 ലെ ഏഴായിരം, 1 രാജാക്കന്മാർ 19 ലെ ഏഴായിരത്തിന്റെ "നിഷേധഭാഗമാണ്" എന്നത്രെ. [37]കെജെവിയിൽ "ദ റെംനന്റ്" എന്നാണ്, എന്നാൽ മൂലഗ്രന്ഥത്തിൽ "ദ റെസ്റ്റ്" എന്നാണ് (എൻകെജെവി നോക്കുക). [38]അദ്ധ്യായം 11 ലെ "കൂട്ട പരിവർത്തനം" ചിലർ യെഹൂദന്മാർക്ക് മാത്രമായി ചുരുക്കുന്നു, എന്നാൽ ദൈവത്തിന് ഇനി മറ്റെല്ലാവരോടുമുള്ളതുപോലെ മാത്രമെ താൽപര്യം യെഹൂദന്മാരോടുള്ളു എന്ന് നാം കണ്ടുകഴിഞ്ഞു. [39]മെക്ഗ്വിഗിൻ, 163. [40]യോശുവ 7:6, 19; യെശയ്യാവ് 42:12; യിരെമ്യാവ് 13:16; ലൂക്കൊസ് 18:13; 1 പത്രൊസ് 2:12; വെളിപ്പാട് 14:7; 15:4; 16:9 നോക്കുക.

[41]ഇത് നിങ്ങൾ ഒരു ക്ലാസിൽ പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, ശ്രോതാക്കളോട് "നാം ജയിക്കും!" എന്ന് ആവർത്തിച്ച് പറയിപ്പിക്കുക. [42]ഈ പാഠം ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, കർത്താവിനോട് പ്രതികരിക്കേണ്ടത് എങ്ങനെയെന്ന് സദസ്യരോടു പറയുക. [43]ചാൾസ് കാൽവെൽ റൈറി, *റെവെലേഷൻ* (ഷിക്കാഗോ: മൂഡി പ്രസ്, 1968), 72–75. [44]ബാൽഡിഞ്ചർ, 53–57.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ദൈവത്തെ സാക്ഷീകരിക്കേണ്ടതിന് അറിഞ്ഞിരിക്കേണ്ട മൂന്നു വസ്തു തകൾ (കഴിഞ്ഞ പാഠത്തിൽനിന്നും) പറയുക.
2. പാഠമനുസരിച്ച്, സാക്ഷീകരിക്കുന്നതിനെ കുറിച്ചുള്ള നാലാമത്തെ വസ്തുത എന്ത്?
3. നാം ദൈവത്താൽ സംരക്ഷിക്കപ്പെടുമെങ്കിലും, നാം ഏതുവിധ ത്തിൽ ആണ് വഴങ്ങുന്നത്?
4. അദ്ധ്യായം 11 ലെ മൃഗത്തിൽനിന്ന് നാം എന്താണ് പഠിക്കുന്നത്?
5. അഗാധത്തെ കുറിച്ച് "പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം" എന്ന പാഠം എന്താണ് പറയുന്നത്.
6. പാഠമനുസരിച്ച്, "അവരുടെ സാക്ഷ്യം *തികെച്ചശേഷം*" എന്ന പ്ര യോഗത്തിന്റെ പ്രാധാന്യമെന്ത്?
7. സുവിശേഷത്തിന്റെ ഉയർച്ച തടയുവാൻ തിന്മയുടെ ശക്തിക്ക് കഴിയുമോ?
8. ശവങ്ങളെ അടക്കുവാൻ എന്തുകൊണ്ടാണ് ഭൂ-വാസികളെ അനു വദിക്കാതിരുന്നത്?
9. സോദോം, മിസ്രയിം, യെരുശലേം എന്നിവയെ കുറിച്ച് നിങ്ങൾക്ക് എന്തറിയാം (അതായത്, ക്രിസ്തുവിന്റേയും അപ്പൊസ്തലന്മാരു ടേയും കാലത്തെ യെരുശലേം)? ആ പേരുകൾ "മഹാനഗര ത്തിൻ" *സ്വഭാവത്തെ* എന്തു പറയുന്നു? "മഹാനഗരത്തിന്റെ" *വിധിയെ* കുറിച്ച് ആ പേരുകൾ എന്തു പറയുന്നു?
10. പാഠമനുസരിച്ച്, സാക്ഷീകരിക്കുന്നതിനെ കുറിച്ചുള്ള അഞ്ചാമത്തെ വസ്തുത എന്താണ്?
11. "$3^1/2$" എന്ന സംഖ്യയുടെ അർത്ഥം എന്ത്. പാഠമനുസരിച്ച്, "$3^1/2$" *വർഷം* വെഴ്സസ് $3^1/2$ *ദിവസം* എന്നിവയുടെ പ്രാധാന്യം എന്ത്?
12. വാക്യം 12 ശാരീരിക ഉയർത്തെഴുന്നേല്പാണോ അതോ ആലങ്കാ രിക (ആത്മികമായ) ഉയർത്തെഴുന്നേൽപാണോ വിവരിക്കുന്നത്? രണ്ടു തരത്തിലും വാക്യം 12 പ്രത്യാശ നൽകുന്നുവോ?
13. ഭൂകമ്പം മനുഷ്യരിൽ എന്തു ഫലമാണുണ്ടാക്കിയത്? അതിനർത്ഥം അവർ മാനസാന്തരപ്പെട്ടു എന്നാണോ നിങ്ങൾ കരുതുന്നത്?
14. രണ്ട് സാക്ഷികളുടെ സംഭവം വായിക്കുമ്പോൾ അത് നിങ്ങളിൽ എന്ത് പ്രതീതിയാണ് ഉളവാക്കുന്നത്?



രണ്ടു സാക്ഷികളെ കൊല്ലുന്നു (11:7, 8)



രണ്ടു സാക്ഷികളെ പരിഹസിക്കുന്നു (11:9, 10).



**രണ്ടു സാക്ഷികൾ സ്വർഗത്തിലേക്ക് കയറുന്നു (11:11, 12)**